(ഡി) ഈ വർഷം കെ.എസ്.ആർ.ടി. സി. യിൽ എത്ര കോടി രൂപയുടെ അധിക നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) മൂലധന നിക്ഷേപത്തോടനുബന്ധിച്ച് ഹഡ്കോ, കെ.റ്റി.ഡി.എഫ്.സി. മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നുണ്ട്. സർക്കാർ കെ.എസ്.ആർ.ടി.സി. ക്ക് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് ഇനത്തിൽ 5 കോടി രൂപയുടെ ധനസഹായം ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ടായി.

(ഡി) ഈ വർഷം കെ.എസ്.ആർ.ടി.സി. യിൽ അധിക നിക്ഷേപം നടത്താൻ ബഡ്ജറ്റിൽ അഞ്ചു കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. വാങ്ങുവാൻ ഉദ്ദേശിക്കുന്ന പുതിയ ബസ്സുകൾ

75 (4235) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെഎസ്ആർടിസി. പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ബസ്സുകളാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ വലിയ ബസ്സുകൾ, മിനിബസ്സുകൾ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 700 ബസ്സുകൾ.

(സി) 600 വലിയ ബസ്സുകൾ 100 മിനി ബസ്സുകൾ.

കെ. എസ്. ആർ. ടി. സി. യിലെ യൂണിയനുകൾ

76 (4236) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിൽ അംഗീകാരമുള്ളതും ഇല്ലാത്തതുമായ എത്ര യൂണിയനുകൾ പ്രവർത്തിച്ചുവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗീകാരമില്ലാത്ത യൂണിയനുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) അംഗീകാരമുള്ളതും ഇല്ലാത്തതുമായ 18 യൂണിയനുകൾ പ്രവർത്തിച്ചുവരുന്നു

(ബി & സി) കെ.എസ്.ആർ.ടി.സി. ഇതുസംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. 1926-ലെ ഇന്ത്യൻ ട്രേഡ് യൂണിയൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിയനുകൾക്ക് അംഗീകാരം ഇല്ലെങ്കിലും കെ.എസ്.ആർ.ടി.സി. യിൽ ടി ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കാവുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് അപകട ഇൻഷ്വറൻസ്

77 (4237) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്സിഡന്റ് ക്ലെയിം ഇനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര കേസ്സുകളിലായി എത്ര കോടി രൂപയുടെ ക്ലെയിമുകൾ കൊടുത്തു തീർക്കാനുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിലെ കേസ്സുകളിൽപ്പെട്ട് എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ വിവിധ കോടതികളിൽ ജപ്തിചെയ്ത് ഇട്ടിട്ടുണ്ട് ; ഡിപ്പോകൾ തിരിച്ച് ഏതെല്ലാം ബസ്സുകൾ ഏതെല്ലാം കോടതികളിൽ എത്ര മാസമായി ജപ്തി ചെയ്തിട്ടിട്ടുണ്ട് എന്ന് സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ബസ്സുകൾ കോടതികളിലെ കുടിശ്ശിക അടച്ച് നിരത്തിലിറക്കാൻ എത്ര തുക വേണ്ടിവരും ; കേസ്സുകൾ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കോടതികളിലടയ്ക്കേണ്ട പണമടച്ച് ഈ ബസ്സുകൾ നിരത്തിലിറക്കി യാത്രാക്ലേശം പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ) വിവിധ കോടതികളിൽ ജപ്തി പ്രകാരം പിടിച്ചിട്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ എത്രയെണ്ണത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട് എന്നും എത്ര എണ്ണത്തിന് ഇല്ല എന്നും വ്യക്തമാക്കാമോ ;

(എഫ്) ഇപ്പോഴുള്ള ബസ്സുകളിൽ അപകട ഇൻഷ്വറൻസ് ഉള്ള കെ.എസ്.ആർ.ടിസി. ബസ്സുകൾ എത്ര ഉണ്ട് ; ഇൻഷ്വറൻസ് എടുത്തിട്ടില്ലാത്ത ബസ്സുകൾ എത്ര ഉണ്ട് ;

(ജി) കെ.എസ്.ആർ.ടി.സി. ബസ്സുകളെ ജപ്തി നടപടികളിൽ നിന്നും സംരക്ഷണം നൽകുവാൻ എല്ലാ ബസ്സുകൾക്കും അപകട ഇൻഷ്വറൻസ് എടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly